ശ്രീ. വേണുഗോപാലക്കുറുപ്പ് അവിടെയില്ലായിരുന്ന സമയത്താണ് അദ്ദേഹത്തിന്റെ വീട്ടിൽ ഒരു സ്ഫോടനം ഉണ്ടായത്. അതിനെതുടർന്ന് പോലീസ് എക്സ്പ്ലോസീവ് എക്സ്പർട്ടിനെ കൊണ്ടുവന്ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയുണ്ടായി. എന്നാൽ പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും സംശയത്തിന്റെ പേരിൽ പത്ത് മാർക്സിസ്റ്റുപാർട്ടി പ്രവർത്തകരെ അറസ്റ്റു ചെയ്ത് അവരുടെ പേരിൽ 107-ാം വകുപ്പനുസരിച്ച് കേസെടുത്തിട്ടുണ്ട്. കോഴിക്കോട് എസ്. പി. ആഫീസിനു മുമ്പിൽ സത്യാഗ്രഹം നടക്കുന്ന വിവരം എനിക്കറിയാമായിരുന്നു. ഉടൻതന്നെ അതിനെക്കുറിച്ച് അന്വേഷിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

(6) കുമ്പളങ്ങിയിലെ ശുദ്ധജലക്ഷാമം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കൊച്ചി നഗരത്തിന്റെ അതിർത്തിയിൽ ഏകദേശം മുപ്പതിനായിരം ജനങ്ങൾ താമസിക്കുന്ന ഒരു ദ്വീപാണ് കുമ്പളങ്ങി. അവിടെ ലോക്കലായി കിട്ടുന്ന വെള്ളം കുടിക്കാനുപയോഗിക്കാൻ പാടില്ല എന്നു നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ വിദഗ്ദ്ധ സമിതി റിപ്പോർട്ടുചെയ്തിട്ടുണ്ട്. അതിനെത്തുടർന്നു ആ പ്രശ്നഗ്രാമത്തെ ശുദ്ധജലവിതരണപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്കീമിൽപ്പെടുത്തി 1982-83-ൽ ഒരു ശുദ്ധജല വിതരണ പദ്ധതി ഉണ്ടാക്കുകയും അതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 1983 മാർച്ച് 31-നുള്ളിൽ ആ പദ്ധതി പൂർത്തിയാക്കി അവിടെ ജലമെത്തിക്കണമെന്നായിരുന്നു അന്ന് ഉദ്ദേശിച്ചിരുന്നത്. ഒരു പമ്പിംഗ് സ്റ്റേഷനും ഓവർഹെഡ് ടാങ്കും വിതരണത്തിനുള്ള പൈപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. വിതരണത്തിനുള്ള പൈപ്പുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇട്ടുകഴിഞ്ഞിട്ട് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞു. 25 ലക്ഷം ഉറുപ്പികയ്ക്കുള്ള പൈപ്പ് ഇതിനകം അവിടെ ഇട്ടു കഴിഞ്ഞു. ഓവർഹെഡ്ടാങ്കിനുള്ള സ്ഥലം അഡ്വാൻസായി വാങ്ങിച്ചിട്ട് രണ്ടു കൊല്ലമായി. അഡ്വാൻസായിട്ടുള്ള സ്ഥലത്തിന് ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവരെ രണ്ടു സ്ഥാപനങ്ങളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് രണ്ടുകൊല്ലമായി ഇട്ടിരിക്കുന്ന പൈപ്പുകളിൽ ഒരു തുള്ളി വെള്ളംപോലും കണക്ട് ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതി ആവിഷ്കരിച്ച കാലത്ത് 1983 മാർച്ച് 31-നുള്ളിൽ അതിലേ കടന്നുപോകുന്ന ചെല്ലാനം പൈപ്പ് ലൈനിൽനിന്നു വെള്ളം ഇവിടെ എത്തിക്കണമെന്നാണ് തീരുമാനിച്ചത്. അതും നടക്കുന്നില്ല. ചെല്ലാനം ലൈനിലൂടെ വേണ്ടത്ര വെള്ളം കൊടുക്കുന്നില്ല എന്നതാണ് അതിനു കാരണം. ഈ പരിതഃസ്ഥിതിയിൽ അഡ്വാൻസ് പൊസഷനിൽ കൊടുത്ത സ്ഥലംപോലും കൈവശം എടുക്കാനുള്ള നടപടികൾ ഇത്രയും കാലമായിട്ടും മുമ്പോട്ടുകൊണ്ടുപോകാൻ അനാസ്ഥ കാണിക്കുന്ന ഒരു സമീപനമാണ് ബന്ധപ്പെട്ട ആളുകൾ സ്വീകരിച്ചുവരുന്നത്. നമ്മുടെ ഡിപ്പാർട്ടുമെന്റും അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നില്ല. ഈ ഒരു പരിതഃസ്ഥിതിയിൽ അനിശ്ചിതമായിട്ട് ഒരു തുള്ളി ശുദ്ധജലം പോലും കിട്ടാൻ മാർഗ്ഗമില്ലാതെ ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശത്തെ ജലവിതരണം നീട്ടികൊണ്ടുപോകുന്നത് ശരിയല്ല. രണ്ടു മാർഗ്ഗങ്ങളേ അതിലുള്ളൂ. തൊട്ടടുത്തുകൂടി പോകുന്ന ചെല്ലാനം പൈപ്പുലൈനിൽ വേണ്ടിടത്തോളം വെള്ളമെത്തിക്കാനുള്ള നടപടി ഉണ്ടാക്കിക്കൊണ്ട് കുറെ മണിക്കൂർ നേരത്തേക്കെങ്കിലും കുമ്പളങ്ങിയിലേക്ക് വെള്ളമെത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ഒരു സ്കീം അടിയന്തിരമായി നടപ്പാക്കണം. അതോടൊപ്പം, ശാശ്വതമായ പമ്പിംഗ് സ്റ്റേഷനും ഓവർഹെഡ്ടാങ്കും പണിയുന്നതിനുള്ള സ്ഥലം എടുത്ത് പണിയാരംഭിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു ജനങ്ങളെ സഹായിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ് കുമ്പളങ്ങി വാട്ടർ സപ്ലൈ സ്കീം. ഇതിന് 35.8 ലക്ഷം രൂപയാണ് ഏകദേശ എസ്റ്റിമേറ്റ്. ഇതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പടത്താൻ നിർദ്ദേശങ്ങൾ കൊടുത്തു. എന്നാൽ അതിനുള്ള ചില ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതാണ്. അതിനാവശ്യമായ പൈപ്പുലൈനുകളെല്ലാം സ്ഥാപിച്ചു കഴിഞ്ഞിട്ട് ഒന്നു രണ്ടു കൊല്ലമായി. പക്ഷേ പൈപ്പുകളിൽകൂടി വെള്ളം വരുന്നില്ല എന്നുള്ളത് ശരിയാണ്. അതിന് ടാങ്കിന്റെ പണി ചെയ്യണം; ബൂസ്റ്റർ പമ്പ് ഹൗസിന്റെ പണി ചെയ്യണം. അതിനുവേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് തർക്കം വന്നിരുന്നു. പഞ്ചായത്തുകളോട് നിരന്തരമായി ആവശ്യപ്പെട്ടു. പഞ്ചായത്തുകൾ സ്ഥലമെടുത്തു തന്നില്ല. ബഹുമാനപ്പെട്ട എം. എൽ. എ. സഹകരിച്ച് അത് മേടിച്ചു തന്നിരുന്നുവെങ്കിൽ എന്നേ അതിന്റെ പണി തീർക്കാമായിരുന്നു. മൂന്നു ബൂസ്റ്റർ സ്റ്റേഷനും പമ്പിംഗ് ഹൗസിനും ഓവർഹെഡ് ടാങ്കിനും സ്ഥലം കിട്ടാതെ വന്നപ്പോൾ അക്വിസിഷൻ നടപടികൾ തുടങ്ങി. അക്വിസിഷൻ നടപടികൾ തുടങ്ങിയപ്പോൾ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഓവർഹെഡ് ടാങ്കിന്റെ സ്ഥലം അഡ്വാൻസ് കൊടുത്തു എന്നതു ശരിയാണ്. അക്വിസിഷൻ തുടങ്ങിയപ്പോൾ എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച്, അതിനുള്ള സ്ഥലം കിട്ടി. സ്ഥലം കിട്ടിയ ഉടനെ ടാങ്ക് ഉണ്ടാക്കാൻ ഒക്കുമോ? അതിന് ഡിസൈൻ തയ്യാറാക്കി ഇപ്പോൾ അത് ടെൻഡർ ചെയ്യാൻ പോവുകയാണ്. നേരത്തെ ചെയ്തിരുന്നുവെങ്കിൽ പണി കഴിഞ്ഞേനേ. ബൂസ്റ്റർ പമ്പ് ഹൗസിനു സ്ഥലമൊന്നും കിട്ടിയിട്ടില്ല എന്നാണ് പറയുന്നത്. ടാങ്കിന്റെ സ്ഥലം കിട്ടി. ടാങ്കിന്റെ സ്ഥലം കിട്ടിയപ്പോൾ സ്റ്റേഷന്റെ സ്ഥലം കിട്ടണ്ടേ? ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷന്റെ സ്ഥലം കിട്ടിയിട്ടില്ല. അത് അക്വിസീഷനിൽ ഇരിക്കുകയാണ്. നാളെ അഡ്വാൻസ് പൊസഷൻ തരാൻ ശ്രമിക്കുമോ? പഞ്ചായത്ത് തരാൻ ശ്രമിക്കുമോ? പദ്ധതികൾ നടപ്പിൽ വരുത്തണമെങ്കിൽ അതിന് ജനങ്ങളുടെ സഹകരണം വേണം. പഞ്ചായത്തു സ്ഥാപനങ്ങളുടെ സഹകരണം വേണം, വ്യക്തികളുടെ സഹായം വേണം. അത് ആവശ്യപ്പെട്ടപ്പോൾ കിട്ടുന്നില്ല. അതുകൊണ്ടാണ് ഇതിന് താമസം വന്നത്. ഏതായാലും വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

(7) നെടുമങ്ങാടു കച്ചേരി ജംഗ്ഷനിലുണ്ടായ ലാത്തിച്ചാർജ്

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഇന്നലെ സഭ ഇവിടെ സമ്മേളിച്ചുകൊണ്ടിരുന്ന അവസരത്തിൽ നെടുമങ്ങാട് ടൗണിന്റെ പ്രധാന കേന്ദ്രമായ താലൂക്ക് കച്ചേരിയുടെ മുമ്പിൽവച്ച് നെടുമങ്ങാട് പോലീസ് അവിടെ ചെന്ന ഒരു വിഭാഗം തൊഴിലാളികളുടെ നേർക്ക് ലാത്തിച്ചാർജ് നടത്തി. ആറേഴ് പേർ ഇന്നലെ രാത്രിവരെ ആശുപത്രിയിലാണ്. ഇതിനുകാരണം ഒരു തൊഴിൽത്തർക്കമാണ്. കഴിഞ്ഞ മൂന്നുമാസമായി എം. എ. കരീം എന്നു പറയുന്ന ഒരു കോൺട്രാക്ടർ അവിടെ ഒരു നമ്പർ എസ്റ്റേറ്റിൽ ജോലി കോൺട്രാക്ട് പിടിച്ചതിനെത്തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly